# സഭാ സംഘടനയുടെ തിരുവെഴുത്ത് വീക്ഷണം

സഭയുടെ നേതൃത്വത്തെ കുറിച്ചുള്ള പഠനത്തിനു സഭ സംഘടിപ്പിക്കൽ മനസ്സിലാക്കേണ്ടതു ആവശ്യമാണ്. പുതിയ നിയമ പ്രകാരം കർത്താവിന്റെ സഭ സംഘടിപ്പിക്കേണ്ടത് എങ്ങനെ? സാർവ്വലൗകിക ബിഷപ്പിന്റെ കീഴിൽ തിരുമേനി വ്യവസ്ഥയിലാണോ സംഘടിപ്പിക്കേണ്ടത്? ഡയോസിസ് നിയന്ത്രിക്കുവാൻ ബിഷപ്പുമാർ വേണോ? കൺവെൻഷനിലോ അല്ലെങ്കിൽ കേന്ദ്രീകൃതമായ അധികാരമുള്ള സിനഡോ വേണോ? ഇടവകകൾക്ക് ദേശീയമോ അന്തർദ്ദേശീയമോ ആയ സംഘടനകളുമായി ബന്ധമുണ്ടായിരിക്കണോ, അതോ അതു സ്വയംഭരിക്കപ്പെടണോ? ഓരോ പ്രാദേശിക സഭയിലും ഓരോ ഉപദേഷ്ടാവായിരിക്കണോ ഇൻ ചാർജ്? ക്രിസ്തുവിനെ അനുഗമിക്കുന്നു എന്നു അവകാശപ്പെടുന്ന മതപരമായ കൂട്ടങ്ങളിലെല്ലാം സഭയെ സംഘടിപ്പിക്കുന്നതിനു വ്യത്യസ്തമായ രീതികളാണുള്ളത്.

നാം പുതിയ നിയമ സഭയോടു സമർപ്പിക്കപ്പെട്ടിരിക്കകൊണ്ട്, പുതിയ നിയമ സഭ എങ്ങനെ സംഘടിപ്പിച്ചു എന്നും, അതിന്റെ അദ്ധ്യക്ഷന്മാർ ആരായിരുന്നു എന്നും, അവർ എന്തു ചെയ്തു എന്നും നാം അറിഞ്ഞിരിക്കേണ്ടതുണ്ട്.

### പ്രാഥമിക സംഘടന

ആരംഭത്തിൽ, നാം സഭയുടെ പ്രാഥമിക സംഘടന പരിഗണിക്കണം. "പ്രാഥമികം" എന്നതുകൊണ്ടു "അടിസ്ഥാനപരമായ" അല്ലെങ്കിൽ "മൗലികമായ" എന്നാണ് നാം അർത്ഥമാക്കുന്നത് – കർത്താവിന്റെ ജനത്തെ സംബന്ധിച്ചു "സഭ" എന്ന വാക്ക് പ്രാദേശികമായും അന്തർദ്ദേശീയമായും ഉള്ള അർത്ഥത്തിൽ വരുന്നു.

### "സഭ" എന്ന വാക്കിന്റെ അർത്ഥം എന്ത്?

"സഭ" എന്ന വാക്കിന്റെ ഗ്രീക്ക് വാക്ക് *എക്ലേസിയ* എന്നാണ്. അതു വരുന്നത് രണ്ടു വാക്കുകളിൽ നിന്നാണ് – *ഏക്*, അർത്ഥം "ഔട്ട് ഓഫ്," എന്നും *കലേയോ*, എന്നതിന്റെ അർത്ഥം "ടു കാൾ" എന്നുമാണ്. അതു

കൊണ്ടു സഭയെ പലപ്പോഴും പറഞ്ഞിരിക്കുന്നത് **"കാൾഡ് ഔട്ട്"** എന്നതിന്റെ അർത്ഥത്തിലാണ്. എങ്ങനെയായാലും, **"കാൾഡ് ഔട്ട്"** എന്നതു ആ വാക്കിന്റെ നല്ലൊരു *നിർവ്വചനം* ആയിരിക്കയില്ല; അതിന്റെ നല്ല നിർവ്വചനം **"സഭായോഗം"** അല്ലെങ്കിൽ **"ഇടവക"** എന്നാണ്.

**"സഭ"** എന്ന വാക്ക് പുതിയ നിയമത്തിൽ നാലു വ്യത്യസ്തമായ രീതികളിൽ ഉപയോഗിച്ചിട്ടുണ്ട്. പ്രവൃത്തികൾ 19:32, 39, 41, പൗരന്മാരുടെ സഭായോഗമായി ഉപയോഗിച്ചിരിക്കുന്നു – ഏതാണ്ട് ഒരു പുരുഷാരമായി. ദൈവജനത്തിനായി ഉപയോഗിക്കുമ്പോൾ, അതു മൂന്നു വ്യത്യസ്ത രീതികളിലാണ് ഉപയോഗിച്ചിരിക്കുന്നത്. അതു *അന്തർദ്ദേശീയ സഭക്കായി* ഉപയോഗിച്ചിരിക്കുന്നു – ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ട എല്ലാ ദൈവജനത്തെയും ഉൾപ്പെടുത്തിയിരിക്കുന്നു:

> **"**നീ പത്രൊസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല**"** **(**മത്തായി 16:18**)**.

> അവൻ സഭ എന്ന ശരീരത്തിന്റെ തലയുമാകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്നു **(**കൊലൊസ്യർ 1:18**)**.

*പ്രാദേശിക സഭക്കായി* അതുപയോഗിച്ചിട്ടുണ്ട് – ഒരു പ്രത്യേക സ്ഥലത്തുള്ള പ്രത്യേക ഇടവകയിലെ ദൈവജനമായ അംഗങ്ങൾക്കുവേണ്ടി ഉപയോഗിച്ചിരിക്കുന്നു. റോമർ 16:16 പറയുന്നു, **"**വിശുദ്ധ ചുംബനം കൊണ്ടു അന്യോന്യം വന്ദനം ചെയ്‌വിൻ. ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു**"** **(**ഗലാത്യർ 1:2; വെളിപ്പാട് 1:20; 2:1; മുതലായവ നോക്കുക.**)**. *പ്രാദേശിക സഭയുടെ കൂടിവരവിനു* വേണ്ടിയും അതുപയോഗിക്കുന്നു – അത് സഭായോഗത്തിനായി സഭ കൂടിവരുന്നതാണ് **(**1 കൊരിന്ത്യർ 14:19, 23, 26, 28, 35**)**.

### എന്താണ് "പ്രാഥമിക സംഘടന"?

അപ്പോൾ സഭയുടെ **"**പ്രാഥമിക സംഘടന**"** എന്താണ്? *അതു വ്യക്തിയായ ക്രിസ്ത്യാനിക്കു ക്രിസ്തുവിനോടുള്ള ബന്ധമാണ്* – അന്തർദ്ദേശീയ സഭയുടെ പ്രത്യേകമയായ ബന്ധം, എന്നാൽ പ്രാദേശിക സഭയുടെ സംഘടിപ്പിക്കലിന്റെ അടിസ്ഥാനത്തിലുള്ള ബന്ധവും കൂടെയാണ്.

എന്താണ് ആ ബന്ധം? **(**1**)** ക്രിസ്തു മുന്തിരിവള്ളിയും; ഓരോ ക്രിസ്ത്യാനിയും കൊമ്പുകളും ആകുന്നു **(**യോഹന്നാൻ 15:1–11**)**. **(**2**)** ക്രിസ്തു ശരീരത്തിന്റെ തലയാകുന്നു; ക്രിസ്ത്യാനികൾ ആ ശരീരത്തിലെ അവയവങ്ങൾ ആകുന്നു **(**1 കൊരിന്ത്യർ 12:12; എഫെസ്യർ 1:22, 23; കൊലൊസ്യർ 1:18**)**. **(**3**)** ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരാണ് ക്രിസ്ത്യാനികൾ, അവന്റെ മരണത്തിൽ പങ്കുകാരാകയും, അവനെ

ധരിക്കുകയും ചെയ്തു (റോമർ 6:3; ഗലാത്യർ 3:27). പിന്നെ ക്രിസ്തു ക്രിസ്ത്യാനികളിൽ വസിക്കുന്നു (കൊലൊസ്യർ 1:27). ക്രിസ്ത്യാനികൾ, അതുകൊണ്ടു, ക്രിസ്തുവിൽ ആണ് (എഫെസ്യർ 1:13). (4) ക്രിസ്ത്യാനികൾ ശിഷ്യന്മാരാണ് (പ്രവൃത്തികൾ 11:26). അതുകൊണ്ട് അവർ പഠിക്കുന്നവർ അല്ലെങ്കിൽ വിദ്യാർത്ഥികളാണ്; അതിനാൽ ക്രിസ്തു അവരുടെ ഗുരുവാണ്. (5) ക്രിസ്തു ശരീരത്തെ സ്നേഹിക്കുന്നു (വിവിധ അംഗങ്ങളെക്കൊണ്ട്, അല്ലെങ്കിൽ ക്രിസ്ത്യാനികളെ കൊണ്ട് സംയോജിപ്പിച്ചിരിക്കുന്നു), അവൻ ശരീരത്തിനുവേണ്ടി മരിച്ചു, ശരീരത്തെ രക്ഷിക്കുന്നു, ശരീരത്തിന്റെ തലയുമാണ് അവൻ, അവൻ ശരീരത്തെ വെടിപ്പാക്കി, പോറ്റി വളർത്തുന്നു. അതുകൊണ്ടു, ശരീരം, ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുന്നു (എഫെസ്യർ 5:23–30). (6) ക്രിസ്തു തന്റെ രാജ്യത്തിന്റെ രാജാവാണെങ്കിൽ (യോഹന്നാൻ 18:36, 37), ക്രിസ്ത്യാനികൾ അവന്റെ പ്രജകളാണ്, അവന്റെ രാജ്യത്തിലെ പൗരന്മാരുമാണ് (7) ക്രിസ്തു നല്ല ഇടയനാണ്; നാം അവന്റെ ആടുകളാണ് (യോഹന്നാൻ 10:1–18). (8) ഇനി ജീവിക്കുന്നതു തങ്ങൾ അല്ല, ക്രിസ്തുവത്രേ തങ്ങളിൽ വസിക്കുന്നു എന്നു ക്രിസ്ത്യാനികൾക്കു പറയാം (ഗലാത്യർ 2:20), അതുകൊണ്ടു അവർക്കു "ജീവിക്കുന്നതു ക്രിസ്തു ആകുന്നു" (ഫിലിപ്പിയർ 1:21).

**നേതൃത്വത്തിന്റെ സൂചനകൾ എന്തെല്ലാം?**

പ്രാദേശിക സഭയുടെ നേതൃത്വത്തെ സ്വാധീനിക്കുമ്പോൾ പ്രാഥമിക സംഘടനയുടെ സൂചനകൾ എന്തെല്ലാമാണ്? ഒന്നാമതു, *എല്ലാ* ക്രിസ്ത്യാനികൾക്കും ക്രിസ്തുവിനോടു ബന്ധമുണ്ട്; അദ്ധ്യക്ഷന്മാർ (ഉദാ., മൂപ്പന്മാർ, ശുശ്രൂഷകന്മാർ, പ്രാസംഗികർ) എന്നിവർക്ക് ക്രിസ്തുവുമായി മറ്റുള്ളവർക്ക് ലഭ്യമല്ലാത്ത അടുത്ത ബന്ധം ഇല്ല. ഇതറിയുന്നത് സഭാദ്ധ്യക്ഷന്മാർ താഴ്മയുള്ളവരായിരിക്കാൻ സഹായിക്കും. രണ്ടാമതു, ക്രിസ്ത്യാനികൾക്കു ക്രിസ്തുവിനോടുള്ള ബന്ധം (1) *സഭാദ്ധ്യക്ഷന്മാരെ* അല്ലെങ്കിൽ (2) *പ്രാദേശിക സഭയെയോ* ആസ്പദമാക്കിയുള്ളതല്ല. ക്രിസ്തുവിനോടു ബന്ധം പുലർത്തുവാൻ ഒരു സഭാംഗവും ഉപദേഷ്ടാവിനെ ആശ്രയിക്കേണ്ടതില്ല. എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരാണ് (1 പത്രൊസ് 2:5, 9); അതുകൊണ്ട് ഓരോ ക്രിസ്ത്യാനിക്കും ദൈവത്തോട് നേരിട്ടു ബന്ധപ്പെടാം, അതിനു സഭയുടെ മദ്ധ്യസ്ഥനായി ഒരു ഔദ്യോഗിക ഭാരവാഹിയുടേയും ആവശ്യമില്ല. ക്രിസ്ത്യാനികൾ ഒരു പ്രാദേശിക സഭയിൽ സജീവമായി പ്രവർത്തിക്കേണ്ടതു ആവശ്യമായതിനാൽ, ക്രിസ്തുവിനോടുള്ള നേരിട്ടുള്ള ബന്ധത്തിനു പ്രാദേശിക സഭ തടസ്സമാകുന്നില്ല. മോശമായ സഭയിൽ ഒരു നല്ല ക്രിസ്ത്യാനി ഉണ്ടാകാം. പ്രശ്നങ്ങൾ നിറഞ്ഞിരുന്നിട്ടും കൊരിന്ത്യ സഭയിൽ, വിശ്വസ്തരായ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ജീവനില്ലാത്ത സഭ എന്നാണ് സർദ്ദീസ് സഭയെ യേശു വിളിച്ചതെങ്കിലും, തുടർന്നു പറയുന്നു, "എങ്കിലും ഉടുപ്പു മലിനമാകാത്ത കുറെ പേർ സർദ്ദിസിൽ നിനക്കുണ്ട്; അവർ യോഗ്യന്മാരാകയാൽ; വെള്ള ധരിച്ചുംകൊണ്ട് എന്നോടുകൂടെ നടക്കും" (വെളിപ്പാട് 3:4).

## പ്രാദേശിക സഭ

ക്രിസ്ത്യാനികളായ വ്യക്തികൾക്കു ക്രിസ്തുവിനോടുള്ള ബന്ധം പ്രാഥമികം അല്ലെങ്കിൽ അടിസ്ഥാനപരമെങ്കിൽ, പ്രാദേശിക സഭയ്ക്കു ദൈവ പദ്ധതിയിൽ എന്തു സ്ഥാനമാണുള്ളത്?

**എന്തിനുവേണ്ടിയാണ് പ്രാദേശിക ഇടവക?**

ചില മതപരമായ ഉപദേഷ്ടാക്കന്മാർ ഒരു പ്രാദേശിക സഭയുടെ ആവശ്യം ഉള്ളതായി കാണുന്നില്ല. വാസ്തവത്തിൽ ചില ക്രിസ്ത്യാനികളായ വ്യക്തികൾ പോലും പ്രാദേശിക സഭയുടെ ഉദ്ദേശം കാണാത്തതുകൊണ്ട് അവർ പ്രാദേശിക സഭയിൽ അംഗത്വം ചെലുത്തുകയോ ഏതെങ്കിലും ഒരു ഇടവകയിൽ സജീവമായി പ്രവർത്തിക്കയോ ചെയ്യുന്നില്ല.

എങ്കിലും, ക്രിസ്ത്യാനികൾ **"**ഒറ്റക്ക് ഇരിക്കുവാൻ**"** ശ്രമിക്കുന്നതിനേക്കാൾ ക്രിസ്ത്യാനികൾ പ്രാദേശിക സഭയായി കൂടി വരുന്നതാണ് ശ്രേഷ്ഠം. നമുക്ക് അതെങ്ങനെ അറിയാം? *കാരണം ദൈവപദ്ധതിയിൽ ഉൾപ്പെട്ടതായിരുന്നു പ്രാദേശിക സഭ!* എഫെസ്യർ 3:9–11 പറയുന്നു,

> സകലവും സൃഷ്ടിച്ച ദൈവത്തിൽ, അനാദികാലം മുതൽ മറഞ്ഞു കിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്നു എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നല്കിയിരിക്കുന്നു; അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം അവൻ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയ പ്രകാരം സഭ മുഖാന്തരം അറിയായ് വരുന്നു. അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ട്.

**"**എനിക്കു സഭയുമായി യോജിച്ചു പോകുവാൻ കഴിയുന്നതുപോലെ സഭ കൂടാതെയും എനിക്കു പോകുവാൻ കഴിയും,**"** എന്ന് ആരെങ്കിലും പറഞ്ഞാൽ, അയാൾ വാസ്തവത്തിൽ പറയുന്നതു താൻ ദൈവത്തേക്കാൾ പ്രഗത്ഭൻ എന്നാണ്!

പ്രാദേശിക സഭയെ ദൈവം തന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്തിന്? പൊതുവായി, *ഓരോ ക്രിസ്ത്യാനിക്കും ക്രിസ്തുവിനോടുള്ള ബന്ധം വളർത്തി എടുക്കുവാൻ സഹായിക്കുന്നതിനും, ആ ബന്ധത്തിലേക്കു കൂടുതൽ ആളുകളെ കൊണ്ടുവരുവാൻ സഹായിക്കുന്നതിനുമാണ്.*

പ്രത്യേകമായി, പ്രാദേശിക സഭ അക്കാര്യത്തിൽ ദൈവപദ്ധതിയിൽ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്: (1) ഒരാൾ മാത്രം ആയിരിക്കുന്നതിനേക്കാൾ, ക്രിസ്ത്യാനിയാകുന്നതും, ക്രിസ്ത്യാനിയായി തീരുന്നതും, കരുതലുള്ള, സ്നേഹമുള്ള കൂട്ടത്തിൽ ആത്മിയമായി വളരുന്നതും വളരെ എളുപ്പമാണ്. (2) വ്യക്തികളായി നേടുവാൻ കഴിയാത്ത, സുവിശേഷ പ്രയത്നവും ആത്മിക വർദ്ധനെക്കായ പ്രവൃത്തികളും, ക്രിസ്ത്യാനികൾ ഒരു പ്രാദേശിക സഭയിൽ ഒത്തുകൂടുമ്പോൾ നേടുവാൻ കഴി

യും. (3) തന്റെ മക്കൾ യോജിച്ച ആരാധനയാൽ ദൈവത്തെ പ്രത്യേക രീതിയിൽ മഹത്വപ്പെടുത്തുകയാണ് ചെയ്യുന്നത്.

**പ്രാദേശിക സഭകൾ എങ്ങനെ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു?**

പ്രാദേശിക സഭകൾ എങ്ങനെ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു? *ഒന്നാമതു, ക്രിസ്തുവിന്റെ എല്ലാ പ്രാദേശിക ഇടവകകളും തമ്മിൽ യോജിപ്പുണ്ടായിരിക്കും.* ആ ഐക്യത ഉപദേശത്തിലുള്ള ഐക്യതയോടെയാണ് ആരംഭിക്കുന്നത്. കർത്താവിന്റെ സഭയിൽ ഓരോ ഇടവകയും പരസ്പരം യോജിച്ചിരിക്കാൻ ശ്രമിക്കുന്നു: "സഹോദരന്മാരേ, നിങ്ങൾ എല്ലാവരും, ... ഒന്നുതന്നേ സംസാരിക്കയും, നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ, ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു" (1 കൊരിന്ത്യർ 1:10). തീർച്ചയായും, *ഉപദേശത്തിന്റെ* ഐക്യത *അഭിപ്രായങ്ങളിലുള്ള* യോജിപ്പു പോലെയല്ല; സഹോദര വർഗ്ഗങ്ങൾക്കിടയിൽ വിവിധ അഭിപ്രായങ്ങളുണ്ടാകുവാൻ സാധ്യതയുണ്ട്. ഉപദേശത്തിലുള്ള ഐക്യം പരിശീലനത്തിന്റെ കാര്യത്തിൽ പൂർണ്ണമായ ഐക്യം ആവശ്യപ്പെടുന്നില്ല. പ്രായോഗിക സൗകര്യത്തിന്റെ കാര്യത്തിൽ, ഓരോ ഇടവകക്കും കർത്താവിന്റെ ഇഷ്ടം എങ്ങനെ നടപ്പാക്കണം എന്നു തീരുമാനിക്കാം. എങ്ങനെയായാലും, ഈ ഐക്യത വിവിധ സ്ഥലങ്ങളിലെ ഇടവകകൾക്ക് പരസ്പരം ഏക വിശ്വാസത്തിനാവശ്യമായതിനെ സംബന്ധിച്ചുള്ള യോജിപ്പിനെ സൂചിപ്പിക്കുന്നു.

ഐക്യത ഉപദേശ സംബന്ധമായ കാര്യങ്ങളിലുള്ള യോജിപ്പിൽ പരിമിതപ്പെടുത്തിയിട്ടില്ല; കൂടാതെ സ്നേഹത്തിലും ഐക്യതയുണ്ട്, എല്ലാ ഇടവകകളും "സഹോദരവർഗ്ഗം" ആയി അംഗീകരിക്കയും എല്ലാ ക്രിസ്ത്യാനികളും ആ സഹോദര വർഗ്ഗത്തെ സ്നേഹിക്കയും വേണം (1 പത്രൊസ് 2:17). ഈ സ്നേഹത്തിന്റെ ഒരു അനന്തരഫലം എന്തെന്നാൽ ഇടവകകൾ തമ്മിൽ മത്സരിക്കുന്ന കാര്യം അവർ പരിഗണിക്കുന്നില്ല. മറ്റൊന്നു, കഴിയുന്ന വിധത്തിൽ, ഓരോ ഇടവകയും ചെയ്യുന്ന സൽപ്രവൃത്തികളിൽ അവർ പരസ്പരം പ്രോത്സാഹിപ്പിക്കുന്നു എന്നതാണ്.

*രണ്ടാമതു, പ്രാദേശിക സഭകൾക്കിടയിൽ സ്വാതന്ത്ര്യം നിലനില്ക്കുന്നു.* പ്രത്യക്ഷത്തിൽ, ഓരോ ഇടവകയും മറ്റു ഇടവകകളിൽ നിന്നു സ്വതന്ത്രമായിരിക്കുന്നു. "ഇടവകയുടെ സ്വയംഭരണം" എന്നു നാം അതിനെ വിളിക്കുന്നു. അതിനർത്ഥം ഓരോ ഇടവകയും സ്വയം-ഭരിക്കപ്പെടണം എന്നാണ്. എങ്ങനെയായാലും, "സ്വയം-ഭരണം" എന്ന ആശയം വഴിതെറ്റിക്കുന്നുണ്ട്. തീർച്ചയായും, ഓരോ ഇടവകയും, ഓരോ ക്രിസ്ത്യാനിയെ പോലെയും, മുഴുവൻ സഹോദരങ്ങളെ പോലെയും, രാജ്യത്തിന്റെ രാജാവായ, ക്രിസ്തുവിന്നു കീഴ്പ്പെട്ടിരിക്കേണ്ട ഉത്തരവാദിത്വം ഉണ്ട്. അതാണ് ക്രിസ്തുവിൻ കീഴിലുള്ള "സ്വാതന്ത്ര്യം," "സ്വയം-ഭരണം," അല്ലെങ്കിൽ "സ്വയവാഴ്ച."

ഇടവകയുടെ സ്വയഭരണത്തിനു ആവശ്യം അതാതു ഇടവകക്കു വേണ്ടി അവിടെയുള്ളവർ തന്നെ തീരുമാനങ്ങൾ കൂട്ടായി എടുക്കണം

എന്നതാണ്. വലിയ ഇടവക ചെറിയ ഇടവകയെ ഭരിക്കാൻ പാടില്ല, അതു പോലെ ഒരു ചർച്ചാസമ്മേളനമോ, കൺവെൻഷനോ, രൂപീകരണമോ മറ്റൊരു പ്രാദേശിക സഭയിൽ തങ്ങളുടെ അധികാരം അടിച്ചേല്പിക്കാൻ പാടുള്ളതല്ല.

എന്തുകൊണ്ട് നാം ഇടവകയുടെ സ്വയംഭരണത്തിൽ വിശ്വസിക്കുന്നു? അതിനു നമുക്ക് മൂന്നുകാരണങ്ങൾ ഉണ്ട്:

(1) ഇടവകയുടെ പ്രവർത്തനങ്ങൾ നയിച്ചുകൊണ്ടു പോകേണ്ട മൂപ്പന്മാരുടെ അധികാരം പുതിയ നിയമത്തിൽ പരിമിതപ്പെടുത്തിയിരിക്കയാണ്. പത്രൊസ് മൂപ്പന്മാർക്കു എഴുതി: "നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ, ..." (1 പത്രൊസ് 5:2; കെജെവി). അവരുടെ വിചാരണയിൽ പെടാത്തവരുടെ പാസ്റ്റർ ആയോ ബിഷപ്പുമാർ ആയോ പ്രവർത്തിക്കുവാനുള്ള അധികാരം അവർക്കില്ല.

(2) സഭകളുടെ ദേശീയം, പ്രാദേശികം അല്ലെങ്കിൽ അന്തർദ്ദേശീയം ആയ സംഘടനകൾക്കോ, അല്ലെങ്കിൽ സഭയുടെ രൂപീകരണത്തിനോ, ഒരു കീഴ്വഴക്കവും പുതിയ നിയമത്തിൽ ഇല്ല. ഒന്നാം നൂറ്റാണ്ടിലെ സഭയിൽ അത്തരം സംഘടനകൾ ഉണ്ടായിരുന്നില്ല.

(3) ഈ കാരണം തിരുവെഴുത്തിൽ നിന്നു വന്നതല്ലെങ്കിലും, പ്രാദേശിക ഇടവകകൾ ഓരോന്നും സ്വതന്ത്രമായിരിക്കുന്ന വ്യവസ്ഥ ദൈവികജ്ഞാനത്തെ വ്യക്തമാക്കുന്നു എന്നു പറയാം. ഒരു ഇടവക തെറ്റിപോയാൽ, അതു മറ്റുള്ളവയെ ബാധിക്കുവാൻ കാരണമാകുന്നില്ല.

എന്തുകൊണ്ട് ചിലർ ഇടവകയുടെ സ്വയഭരണത്തിൽ വിശ്വസി*ക്കുന്നില്ല?*

സഭകൾ തമ്മിലുള്ള സംഘടനകൾക്ക് ചിലർ പ്രവൃത്തികൾ 15 ലെ "യെരുശലേം സമ്മേളനം" ഒരു കീഴ്വഴക്കം ആയി എടുത്ത് ഉദ്ധരിക്കാറുണ്ട്. എങ്ങനെയായാലും, (1) "യെരുശലേം സമ്മേളനം" ഒരിക്കൽ – മാത്രം നടന്ന സംഭവം ആയിരുന്നു, അല്ലാതെ തുടർച്ചയായി നടന്ന സമ്മേളന വ്യവസ്ഥ ആയിരുന്നില്ല; (2) സഹോദരന്മാരോട് ചോദിച്ച ചോദ്യത്തിനു അവർക്കു നിർദ്ദേശം ആവശ്യമായി വന്നപ്പോഴായിരുന്നു അത്; (3) അതു ചൂണ്ടി കാണിക്കുന്നത് അപ്പൊസ്തലന്മാരെയാണ്, അവർക്കു പിൻതുടർച്ചാവകാശികൾ ഇല്ല; (4) ഉയർന്ന പീഠത്തിൽ നിന്നു വന്നത് ഒരു "സഭാ നിയമം" ആയി ഉപയോഗിക്കണമെന്ന ഉദ്ദേശത്തിൽ വന്നതായിരുന്നില്ല അത്.

സഭകളിൽ അപ്പൊസ്തലന്മാരുടെ പ്രവർത്തികളെ മറ്റുള്ളവർ ചെയ്യുന്നത് – അവരുടെ മറ്റു സഹായ പ്രവർത്തികൾക്കൊപ്പം – വ്യാപകമായി സഭയെ ഭരിക്കുന്ന അപ്പൊസ്തലന്മാരെ പോലെയുള്ള വ്യക്തികൾ ഉള്ള പ്രാധാന്യമുള്ള സംഘടനയിൽ ഒരു കീഴ്വഴക്കം എന്ന പോലെയാണ്. എങ്ങനെയായാലും, അപ്പൊസ്തലന്മാർക്ക്, പ്രത്യേക യോഗ്യതകളും, പ്രത്യേക അധികാരങ്ങളും ഉണ്ടായിരുന്നു, അവർക്ക് പിന്തുടർച്ചക്കാരും ഇല്ല. ഇന്നു ആർക്കും അവരുടെ "അധികാരം" മാതൃകയായി എടുക്കാവുന്നതല്ല.

"മിഷ്ണറി സൊസൈറ്റി" ഉപയോഗിക്കാമെന്നു വിശ്വസിക്കുന്നവർ

സാധാരണ പറയുന്നതു പ്രാദേശിക സഭയ്ക്കു ധാരാളം ജോലികൾ ഉള്ളതുകൊണ്ട്, അവ സ്വയമായി ചെയ്യുവാൻ, സാധ്യമല്ലാത്തതുകൊണ്ട് സഭകളുടെ സംഘടന ആവശ്യമാണ് എന്നത്രേ. മിഷ്ണറി പ്രവർത്തനം ഒരു മിഷ്ണറി സൊസൈറ്റി കൂടാതെ ചെയ്യാമെന്നതാണ് വസ്തുത, അതു അനേക തവണ തെളിയിച്ചിട്ടുണ്ട്.

*മൂന്നാമത്, പ്രാദേശിക സഭകൾ തമ്മിൽ സഹകരണം ഉണ്ടാകണം.* അവർക്ക് കഴിവും അവസരവും ഉള്ളതിനാലും, സൽപ്രവൃത്തികളിൽ അന്യോന്യം സഹായിക്കുവാനും, അവരുടെ പ്രവൃത്തി ഔദാര്യമായതോ, സുവിശേഷപരമായതോ ആത്മിക വർദ്ധനവിനുള്ളതോ എന്തുതന്നെ ആയാലും പ്രാദേശിക സഭയ്ക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. സഭാസഹകരണം, വിവിധ ഇടവകകളിൽ കൂടി സ്വതന്ത്രമായി കടന്നുവന്നതു, തിരുവചന പ്രകാരമാണ്. തീർച്ചയായും, ഒരു ഇടവകയും മറ്റൊരു ഇടവകയെ നിർബ്ബന്ധിച്ചു സഹായിപ്പിക്കാവുന്നതല്ല.

## പ്രാദേശിക സംഘടന

ഓരോ പ്രാദേശിക ഇടവകയും സ്വയം - ഭരിക്കുന്നതാകുമ്പോൾ, എങ്ങനെയാണ് പ്രാദേശിക സഭ രൂപീകരിക്കുന്നത്? ഈ വിഷയത്തിൽ പുതിയ നിയമം എന്തു വഴികാട്ടിയാണ് നല്കുന്നത്? പ്രാദേശിക സഭയിലെ പല "ഓഫീസുകൾ," "പ്രവൃത്തികൾ," അല്ലെങ്കിൽ "നേതൃത്വ പങ്കുകൾ" എന്നിവയെ പറഞ്ഞുകൊണ്ട് അന്നു എങ്ങനെ പ്രാദേശിക സഭ സംഘടിപ്പിച്ചു എന്നു പുതിയ നിയമം വെളിപ്പെടുത്തുന്നു.

*സഭയെ നയിക്കേണ്ടതു മൂപ്പന്മാരാണ്.* ഓരോ പ്രാദേശിക സഭയെയും നയിക്കുവാൻ പുതിയ നിയമകാലത്ത് മൂപ്പന്മാരെ നിയമിച്ചിരുന്നു. പ്രവൃത്തികൾ 14:23 പറയുന്നു, "അവർ സഭ തോറും അവർക്കു മൂപ്പന്മാരെ നിയമിക്കയും, ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ടു, തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കയും ചെയ്തു" (തിത്തൊസ് 1:5 നോക്കുക). ആ മൂപ്പന്മാരെ പല പേരുകളിൽ അറിയപ്പെട്ടു, അവ ഓരോന്നും അവർ സഭയിൽ വഹിക്കേണ്ട പങ്ക് വെളിപ്പെടുത്തുന്നതാണ്. അവർ *മൂപ്പന്മാർ* ആയിരുന്നു (പ്രവൃത്തികൾ 14:23; പ്രവൃത്തികൾ 20:17; തിത്തൊസ് 1:5; 1 പത്രൊസ് 5:1; ഗ്രീക്ക് വാക്കായ *പ്രെസ്ബുറ്റെറോസിൽ* നിന്നും), അതു പറയുന്നതു അവർ കൂടുതൽ പ്രായമുള്ളവരും, കൂടുതൽ പരിചയമുള്ളവരും, ജ്ഞാനമുള്ള പുരുഷന്മാരും എന്നത്രേ. അവർ *അദ്ധ്യക്ഷന്മാർ* അല്ലെങ്കിൽ മേൽനോട്ടം നടത്തുന്നവർ എന്നാണ് (പ്രവൃത്തികൾ 20:28; ഫിലിപ്പിയർ 1:1; തിത്തൊസ് 1:7; ഗ്രീക്ക് വാക്കായ *എപ്പീസ്ക്കോപോസിൽ* നിന്നു), അതു പ്രസ്താവിക്കുന്നത്. അവർ സൂപ്രണ്ടുമാർ അല്ലെങ്കിൽ മേൽനോട്ടം നടത്തുന്നവർ ആണ്. അവർ ഇടയന്മാർ അല്ലെങ്കിൽ *നടത്തുന്നവർ* ആയിരുന്നു (പ്രവൃത്തികൾ 20:28; എഫെസ്യർ 4:11; 1 പത്രൊസ് 5:2; *പോയ്മെൻ* എന്ന ഗ്രീക്ക് വാക്കിൽ നിന്നുമാണ്), അതു സൂചിപ്പിക്കുന്നതെന്തെന്നാൽ അവർ സഭയെ, ആടുകളെ മേയ്ക്കുന്നതുപോലെ നടത്തേണ്ടതാണ് എന്നത്രേ.

ആ മൂന്നു നാമങ്ങളും ഒരേ "ഉദ്യോഗത്തെ" ആണ് പറയുന്നത് എന്നു സ്പഷ്ടമാണ്. ഉദാഹരണമായി, പ്രവൃത്തികൾ 20:17, 18 പ്രകാരം,

പൗലൊസ് എഫെസൊസിലെ "മൂപ്പന്മാരെ" വിളിച്ചു അവരോടു പറഞ്ഞു, "നിങ്ങളെത്തന്നെയും, ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച, ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ ..." (പ്രവൃത്തികൾ 20:28). "മൂപ്പന്മാരെ" "മേയ്പാനാണ്," ആക്കിവെച്ചിരിക്കുന്നത്, "മേയ്ക്കുക" എന്ന വാക്ക് വേറൊരു സ്ഥലത്ത് തർജ്ജിമ ചെയ്തിരിക്കുന്നത്, ഏക വചനമായ, "അദ്ധ്യക്ഷൻ" എന്നാണ് (*എപ്പിസ്കോപോസ്*). അതുകൊണ്ടു, "മൂപ്പന്മാർ" "അദ്ധ്യക്ഷന്മാരായിരുന്നു." ആ "മൂപ്പന്മാർ" അല്ലെങ്കിൽ "അദ്ധ്യക്ഷന്മാർ" ആടുകളെ "മേയ്ക്കുവാനാണ്" ("ഫീഡ്"; കെജെവി) പറഞ്ഞിരിക്കുന്നത്. ഗ്രീക്കു വാക്ക് ഉപയോഗിച്ചിരിക്കുന്നത് "പാസ്റ്റർ" അല്ലെങ്കിൽ "ഷെഫേഡ്" എന്നതിന്റെ ക്രിയാ രൂപമാണ് (*പോയ്മെൻ*). മൂപ്പന്മാർ മേയ്ക്കുന്ന പ്രവൃത്തിയാണ് ചെയ്തിരുന്നത്; അതുകൊണ്ട് അവർ "ഇടയന്മാർ" ആയിരുന്നു. അതുകൊണ്ടു "മൂപ്പന്മാർ," "അദ്ധ്യക്ഷന്മാർ," "ഇടയന്മാർ" എന്നു പറഞ്ഞിരിക്കുന്നതെല്ലാം ഒരേ കൂട്ടം പുരുഷന്മാരെയാണ് സൂചിപ്പിക്കുന്നത്. (തിത്തൊസ് 1:5, 7 ഉം 1 പത്രൊസ് 5:1, 2 കെജെവിയിലും എൻആർഎസ്വിയിലും നോക്കുക.) ക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവാൻ ഈ പുരുഷന്മാർക്കു പ്രത്യേകം യോഗ്യതകൾ വേണമായിരുന്നു (1 തിമൊഥെയൊസ് 3; തിത്തൊസ് 1).

*ശുശ്രൂഷകന്മാർ സഭയെ സേവിക്കണം.* "ഡീക്കൺ" എന്ന വാക്ക് *ഡയാക്കണൊസിൽ* നിന്നു വന്നതും അക്ഷരികമായി അതിന്റെ അർത്ഥം ദാസൻ അഥവാ ശുശ്രൂഷകൻ എന്നുമാണ്. അതു പ്രത്യേകമായി സേവനത്തിന് വേർതിരിച്ചിരിക്കുന്ന ഒരു കൂട്ടം ആളുകളെ എപ്പോഴും അർത്ഥമാക്കുന്നില്ല. ഒരർത്ഥത്തിൽ, എല്ലാ ക്രിസ്ത്യാനികളും ശുശ്രൂഷകന്മാരാണ്. എങ്ങനെയായാലും, പ്രത്യേകമായ അർത്ഥത്തിൽ, ശുശ്രൂഷകന്മാരുണ്ടായിരുന്നു, അതു ഫിലിപ്പിയർ 1:1 ലും 1 തിമൊഥെയൊസ് 3 ലും കാണാം. കൂടാതെ, പ്രവൃത്തികൾ 6-ൽ തിരഞ്ഞെടുത്ത പുരുഷന്മാർ ശുശ്രൂഷകന്മാരായിരുന്നു എന്നു ചിലർ വിചാരിക്കുന്നുണ്ട്, കാരണം അവർ മേശകളിൽ "ശുശ്രൂഷ" നടത്തിയിരുന്നു.

മൂപ്പന്മാരേ പോലെ തന്നെ, ശുശ്രൂഷകന്മാരുടെ ജോലിയും "ഉദ്യോഗത്തെ" സൂചിപ്പിക്കുന്ന വാക്കാൽ വ്യക്തമാക്കുന്നുണ്ട്: അവരുടെ ജോലി *സേവിക്കുക* എന്നതാണ്. *"ശുശ്രൂഷകൻ" എന്ന നാമത്തിൽ ഒരധികാരവും അന്തർലീനമായിട്ടില്ല.* ശുശ്രൂഷകന്മാരെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുക:

(1) അവർ മൂപ്പന്മാരോടു തുല്യരല്ല, മൂപ്പന്മാർക്ക് സഭയുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതിലും ("ആത്മിയമായി") ശുശ്രൂഷകന്മാർക്കു മറ്റുള്ളവരിലും നിയന്ത്രണം ഉണ്ട് ("ഭൗതികമായി").

(2) മൂപ്പന്മാർക്കു നിർദ്ദേശം നല്കുവാനോ, അവരുടെ പരിപാടികളെ അംഗീകരിക്കയോ അംഗീകരിക്കാതിരിക്കയോ ചെയ്യുന്ന ഒരു പ്രത്യേക ഉപദേശക സമിതിയല്ല അവർ (അവർക്കു സാധാരണ ക്രിസ്ത്യാനികളെ പോലെ, അഭിപ്രായങ്ങൾ പറയാം.)

(3) പലതിലും അവരുടെ യോഗ്യതകൾ മൂപ്പന്മാരുടേതിനു തുല്യമാണെങ്കിലും, ആളുകൾ ശുശ്രൂഷകന്മാരിൽ നിന്ന് സ്വാഭാവികമായി മൂപ്പ

ന്മാരായി തീരുന്നില്ല.

(4) ഒരു ശുശ്രൂഷകൻ തന്റെ ശുശ്രൂഷ നിർവ്വഹിക്കുന്നില്ല എങ്കിൽ അയാളെ ശുശ്രൂഷകനായി കണക്കാക്കണോ എന്നതു ചോദ്യ ചിഹ്നമാണ്.

(5) **"ശുശ്രൂഷകൻ,"** എന്ന നാമത്തിൽ അധികാരം ഒന്നും സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ, ഒരു ശുശ്രൂഷകൻ, അല്ലെങ്കിൽ ദാസനു, സഭയിൽ എന്തെങ്കിലും പ്രത്യേക സേവനം നടത്തുവാനുള്ള ഉത്തരവാദിത്വം കൊടുത്തേക്കാം. അങ്ങനെ സംഭവിച്ചാൽ, അയാൾക്ക് ആ ജോലിയിന്മേൽ അധികാരമുണ്ട്. ആ ജോലിയുടെ വിജയകരമായ നടത്തിപ്പിനു അയാൾ മേൽനോട്ടം വഹിക്കേണ്ട നായകനാകേണ്ടതുണ്ട് – അതായത്, ജോലിയുടെ പൂർത്തീകരണത്തിനു അയാൾ മറ്റുള്ളവരുടെ പ്രവൃത്തികളെ നയിക്കുന്നു. അത്തരം അധികാരം ഭരമേല്പിക്കപ്പെട്ട അധികാരമാണ്. ആ പ്രവൃത്തി കഴിയുന്നതുവരെയാണ് അയാൾക്ക് ആ അധികാരം ഉള്ളത്.

(6) റോമർ 16:1–ൽ ഫേബ ഒരു ശുശ്രൂഷകയായി പറയുന്നുണ്ട്. ചിലർ വിചാരിക്കുന്നതു അവിടെ ഉപയോഗിച്ചിരിക്കുന്ന **"ശുശ്രൂഷക"** എന്ന വാക്ക് സൂചിപ്പിക്കുന്നത് ഒന്നാം–നൂറ്റാണ്ടിലെ സഭയിൽ സ്ത്രീകളായ ശുശ്രൂഷകമാരുണ്ടായിരുന്നു (ഡീക്കണസസ്) എന്നാണ്. അവിടെ പറയുന്നതു, "നമ്മുടെ സഹോദരിയും കെംക്രയ സഭയിലെ ശുശ്രൂഷക്കാരത്തിയുമായ ഫേബയെ, വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം ഭരമേല്പിക്കുന്നു." വേറെ ചിലർ വിചാരിക്കുന്നതു റോമർ 16:1–ൽ ഉപയോഗിച്ചിരിക്കുന്ന **"ശുശ്രൂഷ"** എന്ന ഗ്രീക്ക് വാക്ക് ഫിലിപ്പിയർ 1:1 ഉപയോഗിച്ചിരിക്കുന്നത് ഇവിടെ ആ അർത്ഥത്തിൽ ഉപയോഗിക്കുന്നില്ല, എന്നാൽ അതു സഭയിലെ ഏതൊരംഗവും ശുശ്രൂഷ ചെയ്യുന്ന വ്യക്തിയാണ്, ഒരു *ഡയാക്കണൊസ്,* ഒരു **"ശുശ്രൂഷകൻ"** എന്ന അർത്ഥത്തിലാണ്.

*പ്രാസംഗികരും ഉപദേഷ്ടാക്കന്മാരും പ്രാദേശിക സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കണം.* എഫെസ്യർ 4:11–13 സൂചിപ്പിക്കുന്നതു ഉപദേശിക്കലും സുവിശേഷിക്കലും പുതിയ നിയമകാലയളവിൽ സഭ കെട്ടിപ്പെടുക്കേണ്ടതിനുള്ള കൃപാവരങ്ങൾ ആയിരുന്നു എന്നാണ്.

ഉപദേഷ്ടാവു എന്നതിനു ധാരാളം നാമനിർദ്ദേശങ്ങൾ പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. അവയിൽ ചിലതു ഇതാ: അവൻ ഒരു ഉപദേഷ്ടാവു അല്ലെങ്കിൽ പ്രഘോഷിക്കുന്നവൻ, *കെറൂസ്,* ഒരു മുന്നറിയിപ്പുകാരൻ (1 തിമൊഥെയൊസ് 2:7; 2 തിമൊഥെയൊസ് 1:11), ഒരു സുവിശേഷകൻ, *ഇവാഞ്ചെലിസ്റ്റെസ്,* സുവാർത്താ സന്ദേശവാഹകൻ ആയിരുന്നു (പ്രവൃത്തികൾ 21:8; എഫെസ്യർ 4:11; 2 തിമൊഥെയൊസ് 4:5). രക്ഷിക്കപ്പെടാത്ത ആളുകളോടു സുവാർത്ത പ്രഖ്യാപിക്കുന്നതും ഉൾപ്പെടുന്നതാണ് ആ നാമ നിർദ്ദേശങ്ങൾ. ഉപദേഷ്ടാക്കന്മാർക്കു സഭയിൽ പ്രസംഗിപ്പാനും പ്രവർത്തിപ്പാനും ഉത്തരവാദിത്വമുണ്ട്. പുതിയ നിയമത്തിൽ ആ വസ്തുതകൾക്കു തെളിവുണ്ട്: (1) പുതിയ നിയമ കാലയളവിൽ പ്രസംഗവുമായുള്ള ബന്ധത്തിൽ പ്രത്യേകമായ പ്രവൃത്തികളും ആത്മിയ വരങ്ങളും ഉണ്ടായിരുന്നു (എഫെസ്യർ 4:11–13). അതു അത്ഭുത വരമായിരുന്നു, എന്നതിനു സംശയമില്ല. ആ വരം ഇന്നു അദ്ധ്വാനത്തിലൂടെ വരുന്നതാണ്, അത്ഭുതശ്വാസിയമായി വരുന്നതല്ല. സഭയിൽ എല്ലാ

പുരുഷന്മാർക്കും ഈ വരമില്ല. (2) ഉപദേഷ്ടാക്കന്മാർക്കു ഒരേ സ്ഥലത്തു അനേക വർഷം ഉപദേശിച്ചുകൊണ്ടിരിക്കാം; അവർ എല്ലാവരും, അല്ലെങ്കിൽ എല്ലായ്പ്പോഴും ചുറ്റിസഞ്ചരിച്ചിരുന്നില്ല. (3) ഉപദേഷ്ടാക്കന്മാർക്കു, ശമ്പളം കൊടുക്കാം, കൊടുക്കണം. അതുകൊണ്ടു, അവർക്കു സഭയ്ക്കു വേണ്ടി മുഴുവൻ-സമയവും പ്രവർത്തിക്കുവാൻ കഴിയും. (4) ഉപദേഷ്ടാക്കന്മാർ സഭയിലുള്ളവരോടു നിർദ്ദേശിക്കയും പുറത്തുള്ളവരോടു പ്രസംഗിക്കയും ചെയ്തിരുന്നു. (5) എല്ലാ മൂപ്പന്മാരും പ്രസംഗിക്കയും ഉപദേശിക്കയും ചെയ്തിരുന്നില്ല (1 തിമൊഥെയൊസ് 5:17). (6) ഉപദേഷ്ടാവിനു പ്രാദേശിക സഭയിൽ ഒരു പ്രവൃത്തി നല്കിയിട്ടുണ്ട്. എന്താണ് ആ പ്രവൃത്തി? അതിനുള്ള ഉത്തരത്തിനു, തിമൊഥെയൊസിന്റെയും തിത്തൊസിന്റേയും ലേഖനങ്ങൾ വായിക്കുക.

പ്രാദേശിക സഭയുടെ പ്രവർത്തനത്തിൽ ഉപദേഷ്ടാവിനു ഒരു പങ്കുണ്ട്. *എങ്കിലും, പുതിയ നിയമ കാലയളവിൽ ഉപദേഷ്ടാവിനു സഭയുടെ മേൽ അധികാരം ഇല്ലായിരുന്നു!* സുവിശേഷപരമായ അധികാരം എന്ന ആശയം പുതിയ നിയമം പഠിപ്പിക്കുന്നില്ല. ഉപദേഷ്ടാവിനു അധികാരമുണ്ട് - *എന്നാൽ അത് ആധികാരികമായി ദൈവവചനം പ്രസംഗിക്കുക എന്ന ഏക അധികാരം ആയിരുന്നു!*

"ടീച്ചർ" എന്നതിന്റെ ഗ്രീക്ക് വാക്ക് *ഡിഡാക്കാലോസ്* എന്നാണ്. ഉപദേശം പ്രത്യേക വരമായി കൊടുത്തിട്ടുള്ള സന്ദർഭങ്ങളിലെല്ലാം ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (എഫെസ്യർ 4:11-13; റോമർ 12:7; 1 കൊരിന്ത്യർ 12:29). അതും അത്ഭുത വരം ആയിരിക്കുവാനാണ് സാധ്യത. മൂപ്പന്മാർ ഉപദേശിക്കുവാൻ കഴിവുള്ളവരാകണം, ഉപദേഷ്ടാക്കന്മാർ ഉപദേശിക്കുവാനും. ചില അർത്ഥത്തിൽ, ഒരുപക്ഷെ, എല്ലാ ക്രിസ്ത്യാനികളും ഉപദേശിക്കുവാൻ കഴിവുണ്ടായിരിക്കണം. സ്പഷ്ടമായി, ചിലർക്ക് ഇക്കാര്യത്തിൽ പ്രത്യേക താലന്തുള്ളവരാണ്, കൂടാതെ അവർക്കു ദൈവവചനം പഠിപ്പിക്കുവാനുള്ള പ്രത്യേക ഉത്തരവാദിത്വവുമുണ്ട്.

രണ്ടു ചോദ്യങ്ങൾ ഇപ്പോഴും ഉത്തരം കണ്ടെത്തേണ്ടതായിട്ടുണ്ട്.

*എന്തുകൊണ്ടാണ് സംഘടന?* മുൻ പറഞ്ഞതെല്ലാം സത്യമാണെങ്കിൽ, പിന്നെ എന്തുകൊണ്ട് - അതായതു, ഓരോ ക്രിസ്ത്യാനിയും ദൈവത്തോടുള്ള ബന്ധത്തിൽ തുല്യരാണെങ്കിൽ - പിന്നെ ഏതെങ്കിലും സംഘടനയുടെ ആവശ്യമോ, പ്രാദേശിക തലത്തിൽ ഏതെങ്കിലും നേതൃത്വ വ്യവസ്ഥയോ എന്തിന്? ഉത്തരം ഇതാണ്: *നേതൃത്വം ഉണ്ടായിരിക്കും! ഏതു കൂട്ടത്തിലായാലും, ചില സംഘടനാ വ്യവസ്ഥ/നേതൃത്വ വ്യവസ്ഥ ഉണ്ടാകും.* ദൈവം നമുക്കു നല്ല രൂപം നല്കിയിട്ടുണ്ട് - അതു അവന്റെ ഉദ്ദേശത്തിനും നമ്മുടെ നന്മക്കുമാണ് - അതിനാണ് ആ സംഘടനയും നേതൃത്വവും.

സംഘടനാ വ്യവസ്ഥ കൂടാതെ സഭയ്ക്കു നിലനില്ക്കുവാൻ കഴിയുമോ - പ്രത്യേകിച്ചു, മൂപ്പന്മാരും ശുശ്രൂഷകന്മാരും ഇല്ലാതെ? കഴിയും. കാരണം പുതിയ നിയമ കാലയളവിൽ ഒരു പ്രത്യേക സമയത്തോളം മൂപ്പന്മാരും ശുശ്രൂഷകന്മാരും ഇല്ലാതെയാണ് സഭകൾ നിലനിന്നത്. കഴിവതും വേഗത്തിൽ സഭ പൂർണ്ണമായും തിരുവെഴുത്തുപ്രകാരം രൂപീകരിക്കപ്പെടണം. അങ്ങനെ ആകുന്നതുവരെ, എന്തോ "കുറവുള്ളതുപോ

ലെ" ആണ് (ആർഎസ്‌വി) അല്ലെങ്കിൽ "ആവശ്യപ്പെടുന്നു" (കെജെവി) സഭയെ സംബന്ധിച്ചു, തിത്തൊസ് 1:5 പ്രകാരം. പൗലൊസ് പറഞ്ഞു, "ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചുപോന്നതു, ശേഷിച്ചകാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിനും, ഞാൻ നിന്നോടു ആജ്ഞാപിച്ചതു പോലെ പട്ടണം തോറും, മൂപ്പന്മാരെ ആക്കി വെക്കേണ്ടതിനും തന്നെ" (കെജെവി).

*സഭാദ്ധ്യക്ഷന്മാർ തങ്ങളെത്തന്നെ എങ്ങനെ കാണണം?* അതിനുള്ള ഉത്തരം എഫെസ്യർ 4:11–13 നല്കുന്നു: ദൈവം പ്രത്യേക വരങ്ങൾ നല്കിയിട്ടുള്ള ദാസന്മാരായി അവർ തങ്ങളെ കാണണം – ആ താലന്തുകൾ മറ്റുള്ളവരുടേതിനേക്കാൾ ഉയർന്നതല്ല, മറിച്ചു മറ്റുള്ളവരുടേതിൽ നിന്നും വ്യത്യസ്തമാണ് – ആ താലന്തുകൾ സഭയെ സഹായിക്കുന്നതിനുവേണ്ടിയാകണം ഉപയോഗിക്കേണ്ടത്.

**ഉപസംഹാരം**

അവസാനമായി, കർത്താവിന്റെ സഭയുടെ രൂപീകരണത്തിന് പുതിയ നിയമ പദ്ധതി സ്വീകരിക്കുവാൻ ഞാൻ അഭ്യർത്ഥിക്കട്ടെ. ചിലർക്ക്, സഭാ സംഘടന ഒരു ചെറിയ കാര്യമായിരിക്കാം, ഉപദേശവും, പരിശീലനവും അതുപോലെ അവർ വലിയ പ്രാധാന്യമുള്ളതായി കാണുന്നില്ല. സഭയുടെ സംഘടനാ രീതിയിൽ വരുത്തിയ മാറ്റമാണ് വിശ്വാസത്തിൽ നിന്നു അകന്നു പോകുവാൻ വഴി ഒരുക്കിയത് എന്നതാണ് വസ്തുത. സംഘടനയുടെ പുതിയ നിയമ മാതൃക കണ്ടില്ലെന്നു നടിക്കുമ്പോൾ, സഭയിൽ എല്ലാ വിധ മാറ്റങ്ങൾക്കും വാതിൽ തുറന്നിടുകയാണ്.

സംഘടനാ ഘടനയോടെ ദൈവം സഭ സ്ഥാപിച്ചപ്പോൾ, താൻ എന്തു ചെയ്യുന്നു എന്നു ദൈവത്തിനു അറിയാമായിരുന്നു! ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം മൂപ്പന്മാർ ആത്മിയമായി പ്രവർത്തിക്കുമ്പോൾ അവർ ദൈവത്തെ പ്രസാദിപ്പിക്കയും അതു പ്രയോജനകരമായി തീരുകയും ചെയ്യും.

---

റോബെർട്ട് മെക്കയിന്റെ മരണശേഷം, അദ്ദേഹത്തിന്റെ സാധന സാമഗ്രികൾക്കിടയിൽ നിന്നും അദ്ദേഹത്തിനു വന്ന ഒരു എഴുത്തു കണ്ടെടുത്തു. അതു അദ്ദേഹം ക്രിസ്തുവിലേക്കു നയിച്ച ഒരാളുടേതായിരുന്നു. അയാളുടെ അനുഭവം പറഞ്ഞുകൊണ്ട്, എഴുത്തുകാരൻ ഈ പ്രസ്താവന വെളിപ്പെടുത്തി: "നിങ്ങൾ ആദ്യം പറഞ്ഞ കാര്യങ്ങൾ ഒന്നുമല്ല എന്നെ ക്രിസ്ത്യാനിയാകുവാൻ പ്രേരിപ്പിച്ചത് – അത് നിങ്ങളുടെ മുഖത്തെ വിശുദ്ധിയുടെ സൗന്ദര്യമായിരുന്നു."

© 2009 Truth for Today